# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1074 — 20/01/2014 ൽ മറുപടിക്ക്

## പാഠ്യപദ്ധതി പരിഷ്ക്കരണം - കമ്മിറ്റിയുടെ ശുപാർശകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സ്കൂളുളിലെ അധ്യയന നിലവാരം ഉയർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | എ) | സ്കൂളുകളിലെ അധ്യയനനിലവാരം ഉയർത്തുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. പ്രീ-പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെയുള്ള പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും സമഗ്രമായി പരിഷ്കരിച്ച് ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇപ്രകാരം, വരുന്ന അദ്ധ്യയന വർഷം നടപ്പാക്കുന്നതിനായി 1,3,5,7,11 ക്ലാസ്സുകളിലേയും ഹയർ സെക്കൻഡറിയിലെ ഒന്നാം വർഷ പാഠപുസ്തകങ്ങളും പരിഷ്കരിച്ച് തയ്യാറാക്കി പരിഷ്കരിച്ച പാഠ്യ പദ്ധതിയും പാഠപുസ്തകങ്ങളും ഫലപ്രദമായ രീതിയിൽ വിനിമയം ചെയ്യുന്നതിന് അദ്ധ്യാപകരെ സജ്ജമാക്കാൻ അദ്ധ്യാപക പരിശീലന പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടാതെ അധ്യാപക സഹായികളും തയ്യാറാക്കുന്നുണ്ട്. ഐ.സി.റ്റി അധിഷ്ഠിത പഠനം കാലോചിതമാക്കാനും, മൂല്യ നിർണ്ണയം ഫലപ്രദമായ രീതിയിലും ശാസ്ത്രീയമായും നടപ്പാക്കാനുമുള്ള പടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) പാഠ്യപദ്ധതിയുടെ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് നിയോഗിച്ച കമ്മിറ്റിയുടെ പ്രധാനശുപാർശകൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ; | ബി) | പ്രധാന ശുപാർശകൾ ഉൾപ്പെടുന്ന റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| സി) | കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ? | സി) | സ്കൂൾ പാഠ്യപദ്ധതി പ്രീ-പ്രൈമറി മുതൽ ഹയർ സെക്കൻഡറി തലം വരെ സമഗ്രമായി പരിഷ്കരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. അധ്യാപക ശാക്തീകരണവും മൂല്യനിർണയവും ഫലപ്രദമായും നടപ്പാക്കാനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

Umani Devi S.

സെക്ഷൻ ഓഫീസർ